കേരള സർക്കാർ

*സംഗ്രഹം*

പുനരധിവാസവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ അധികാരപരിധി പുന:ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (സാധാ) നം.1048/2012/തൊഴിൽ തിരുവനന്തപുരം, തീയതി 6.7.2012

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 13.6.2012 ലെ എ 6/36056/11 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐ. കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനെ തുടർന്ന് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ ജോലിഭാരത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടായത് വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ വകുപ്പിൽ നിലവിലുള്ള ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ നിലവിലെ അധികാരപരിധി, പുന:ക്രമീകരണം നടത്തണമെന്ന് ട്രെയിനിംഗ് ഡയറക്ടർ, പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിൽ നിലവിലുള്ള അഞ്ച് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ അധികാരപരിധി, വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി ചുവടെ വിവരിക്കും പ്രകാരം പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് | പുനക്രമീകരിച്ച അധികാരപരിധി ജില്ലാടിസ്ഥാനത്തിൽ |
|---|---|---|
| 1 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം |
| 2 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, കോട്ടയം | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം |
| 3 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, എറണാകുളം | ഇടുക്കി, എറണാകുളം, തൃശ്ശൂർ |
| 4 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പാലക്കാട് | പാലക്കാട്, മലപ്പുറം, വയനാട് |
| 5 | ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, കോഴിക്കോട് | കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.

**Endt.no.A6/36056/2011 dt.07.02.2013**

**Copy Communicated to all staffs of this department for information.**

**Directorate of Training**
**Thiruvananthapuram-14**
**For Director of Training**

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സ.ഉ (സാധാ)നം.1048/12/തൊഴിൽ, തീയതി 6.7.2012 ഭാഗികമായി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (സാധാ)നം.43/2013/തൊഴിൽ തിരുവനന്തപുരം, തീയതി 4.1.2013

---

പരാമർശം:- 1. സ.ഉ (സാധാ)നം.1048/12/തൊഴിൽ, തീയതി 6.7.2012.

2. ട്രെയിനിംഗ് ഡയറക്ടറുടെ 7.11.2012 ലെ, എ 6/36056/11 നമ്പർ കത്ത്.

## ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിലുള്ള ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് തസ്തികയുടെ അധികാരപരിധി പുനക്രമീകരിച്ച് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്, ട്രെയിനിംഗ് ഡയറക്ടറുടെ പരാമർശം 2 ലെ ശുപാർശ പരിഗണിച്ച്, *"ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, കൊല്ലം എന്ന തസ്തിക പുനക്രമീകരിച്ചാണ് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പാലക്കാട് എന്ന തസ്തിക നിലവിൽ വന്നിരിക്കുന്നത്"* എന്ന, വിശദീകരണം കൂടി ഉൾപ്പെടുത്തി ഭാഗികമായി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി. രാജേന്ദ്രൻ ചെട്ടിയാർ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**Endt.no.A6/36056/2011 dt.07.02.2013**

**Copy Communicated to all staffs of this department for information.**

**Directorate of Training**
**Thiruvananthapuram-14**

**For Director of Training**